ഇ10-17230-13

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം
തീയതി: 25-10-2013

## പരിപത്രം

വിഷയം:- സനീവ- ജീവനക്കാര്യം - വകുപ്പിൻ കീഴിലുള്ള കാര്യാലയങ്ങളിലും സ്ഥാപനങ്ങളിലും കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നത് - പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- സർക്കാർ ഉത്തരവ് (P) നം. 61/2010/ഫിൻ തീയതി 09-02-2010

പാർട്-ടൈം സ്വീപ്പർ തസ്തിക അനുവദിച്ചിട്ടുള്ള കാര്യാലയങ്ങളിൽ ഏതെങ്കിലും വിധത്തിൽ ഒഴിവുകൾ ഉണ്ടാകുകയും, പ്രസ്തുത ഒഴിവിൽ സ്ഥിരം ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്നതുവരേയും, പാർട്-ടൈം തസ്തിക അനുവദിച്ചിട്ടില്ലാത്ത കാര്യാലയങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതുവരേയും പുതുതായി നിയമിക്കുന്ന കാഷ്വൽ സ്വീപ്പർമാരെ 179 ദിവസത്തേക്ക് കുടുംബശ്രീ യൂണിറ്റുകൾ മഖേന നിയമിക്കേണ്ടതാണ്. ടി ജീവനക്കാരുടെ വേതനം പ്രതിമാസം 3500/-രൂപ (മൂവ്വായിരത്തി അഞ്ഞൂറ് രൂപ) യായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത തുക മാറി ഓരോമാസവും അതാത് കുടുംബശ്രീക്ക് നൽകേണ്ടതാണ്. 179 ദിവസം പൂർത്തിയാക്കുന്ന മുറയ്ക്ക് പുതിയ ആളെ നിയമിക്കുന്നതിന് കുടുംബശ്രീയെ സമീപിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും